# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം
### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 405 25.06.2019 ൽ മറുപടിക്ക്

**ആശ്വാസ് പബ്ലിക് അമിനിറ്റീസ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. കെ. സി. മമ്മത് കോയ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.പി.ടി.എ. റഹീം<br>ശ്രീ.പി.കെ. ശശി | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ദീർഘദൂരയാത്രക്കാർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്കും വിനോദസഞ്ചാരികൾക്കും ഉപയോഗപ്രദമായ രീതിയിൽ വൃത്തിയും ശുചിത്വവുമുള്ള ടോയിലറ്റ് സൗകര്യങ്ങളോടുകൂടിയ വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് ദീർഘദൂരയാത്രക്കാർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്കും വിനോദസഞ്ചാരികൾക്കും ഉപയോഗപ്രദമായ രീതിയിൽ വൃത്തിയും ശുചിത്വവുമുള്ള ടോയിലറ്റ് സൗകര്യങ്ങളോടുകൂടിയ വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിൽ കമ്പനി 27.02.2013ലെ സ.ഉ(കൈ) നം.20/2013/പൊ.മ.വ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം തുടരേണ്ടതുണ്ടോ എന്ന് സർക്കാർ ആലോചിച്ച് വരികയാണ്. |
| ബി) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് ആശ്വാസ് പബ്ലിക് അമിനിറ്റീസ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നതെന്ന് അറിയിക്കാമോ;<br>സി) ഇത്തരം സെന്ററുകളുടെ പ്രവർത്തനം കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | ബി) & സി) | അരൂർ, പെരുമ്പാവൂർ, തിരൂർ എന്നീ സ്ഥലങ്ങളിലാണ് ആശ്വാസ് പബ്ലിക് അമിനിറ്റീസ് സെന്ററുകൾ നിലവിൽ പ്രവർത്തിച്ച് വരുന്നത്. പുതിയ സെന്ററുകൾ നിർമ്മിക്കുന്ന കാര്യം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. |
| ഡി) റെസ്റ്റ് ഏരിയ ഡെവലപ്മെന്റ് പദ്ധതിക്ക് ആവശ്യമായ പഠനം നടത്തുന്നതിന് നാറ്റ്പാക്-ൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കി ഭരണാനുമതിയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) | റെസ്റ്റ് ഏരിയ ഡെവലപ്മെന്റ് പദ്ധതിയുമായി ബന്ധപ്പെട്ട് നാറ്റ്പാക് വിശദമായ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളതും ആശ്വാസ് അമിനിറ്റീസ് കേരള ലിമിറ്റഡിന് സമർപ്പിച്ചിട്ടുള്ളതുമാണ്. ടി പ്രൊപ്പോസൽ പരിശോധിച്ച് ഭരണാനുമതിക്ക് വേണ്ട വ്യക്തമായ പ്രൊപ്പോസൽ ആശ്വാസ് അമിനിറ്റീസ് കേരള ലിമിറ്റഡ് സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ